## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 329** **14/03/2017-ൽ മറുപടിക്ക്**

# സി.ആർ.ഇസഡ്. ക്ലിയറൻസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി.ആർ.ഇസഡ്. (Coastal Reserve Zone) സംബന്ധിച്ച് ശാസ്ത്രസാങ്കേതിക വകുപ്പിന് ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കാമോ; | (എ) | 1991- ഫെബ്രുവരി 19-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ CRZ വിജ്ഞാപന പ്രകാരം അനുവദനീയമായ പ്രവർത്തികൾക്ക് അനുമതി ലഭിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് സമർപ്പിക്കേണ്ടത്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ശാസ്ത്ര സാങ്കേതിക വകുപ്പ് സ്വീകരിക്കുകയും നമ്പറിട്ട് ക്രമീകരിക്കുകയും ചെയ്യുന്നു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, (KSCSTE) യിലെ ടെക്നിക്കൽ വിഭാഗം തീരദേശ പരിപാലന അതോറിറ്റിക്ക് വേണ്ടി ഈ അപേക്ഷകൾ പരിശോധിച്ച് 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം അടിസ്ഥാനമാക്കി റിപ്പോർട്ട് തയ്യാറാക്കുന്നു. ഇപ്രകാരം തയ്യാറാക്കിയ റിപ്പോർട്ടുകൾ സഹിതം മുൻഗണനാ ക്രമത്തിൽ തീരദേശ പരിപാലന അതോറിറ്റിയുടെ പരിഗണനക്ക് വച്ച് തീരുമാനങ്ങളെടുക്കുന്നു. ഈ തീരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അപേക്ഷകനെയും അറിയിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഇക്കാര്യത്തിൽ എടുക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 2016 ഒക്ടോബർ 3-ലെ സ.ഉ.(എംഎസ്) നം.145/2016/GAD (SRO No.620/2016) വിജ്ഞാപന പ്രകാരം (അനുബന്ധം) CRZ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പരിസ്ഥിതി വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് അധ്യക്ഷയെ അതോറിട്ടിയുടെ മെമ്പർ സെക്രട്ടറിയായി കേന്ദ്രസർക്കാർ നിയോഗിച്ച ഉത്തവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ശാസ്ത്ര സാങ്കേതിക വകുപ്പിൽ കൈകാര്യം ചെയ്തുവരുന്ന KCZMA യുടെ സെക്രട്ടേറിയറ്റ് സംവിധാനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് അധ്യക്ഷയുടെ കാര്യാലയത്തിൽ കൊണ്ടുവരുന്നതിനായി ഡയറക്ടറേറ്റ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സി.ആർ.ഇസഡ് ക്ലിയറൻസിനു വേണ്ടി ശാസ്ത്രസാങ്കേതിക വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൻമേൽ എടുക്കുന്ന നടപടികൾ അപേക്ഷകർക്ക് അറിയാനുള്ള അവസരം ഉണ്ടാക്കുമോ; | (സി) | അതോറിറ്റിയിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ സോഫ്റ്റ് വെയർ തയ്യാറാക്കി ആദ്യ ഘട്ട ട്രെയിനിംഗ് നൽകിക്കഴിഞ്ഞു. ഇതു നടപ്പിലാക്കി കഴിഞ്ഞാൽ അപേക്ഷകൾ സംബന്ധിച്ച നിലവിലുള്ള സ്ഥിതി അപേക്ഷകന് മനസ്സിലാക്കുന്നതിന് സാധിക്കും. നിലവിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഏർപ്പെടുത്തിയിട്ടുള്ള ഹെൽപ്പ് ഡസ്കിൽ (സഹായക കേന്ദ്രത്തിൽ) അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ അതോറിറ്റിയുടെ തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും അപേക്ഷകനേയും കത്ത് മുഖേന അറിയിക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പുതിയ അതോറിറ്റി നിലവിൽ വരുവാൻ ഉണ്ടായ കാലതാമസം കാരണം 2016 ഏപ്രിൽ മുതൽ ജൂലൈ വരെ അതോറിറ്റി മീറ്റിംഗ് കൂടിയിരുന്നില്ല. 2016 ഓഗസ്റ്റ് മുതൽ 2017 ജനുവരി 31-വരെ 6 മാസങ്ങളിലായി അതോറിറ്റി തുടരെ ത്തുടരെ കൂടിയ 8 മീറ്റിംഗുകളിൽ 1436-ഓളം അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ സംവിധാനം ഒരുക്കുന്നതോടൊപ്പം കൂടുതൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2016 ഒക്ടോബർ 3<br>3rd October 2016<br>1192 കന്നി 17<br>17th Kanni 1192<br>1938 ആശ്വിനം 11<br>11th Aswina 1938 | നമ്പർ<br>No. 1705 |

GOVERNMENT OF KERALA

**General Administration (SS) Department**

NOTIFICATION

G. O. (Ms.) No. 145/2016/GAD.

*Dated, Thiruvananthapuram, 3rd October, 2016.*

**S. R. O. No. 620/2016.**—In exercise of the powers conferred by clauses (2) and (3) of article 166 of the Constitution of India, the Governor of Kerala hereby makes the following rules further to amend the Rules of Business of the Government of Kerala, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2016.
33/3228/2016/S-11.

RULES

1. *Short title and commencement.*—(1) These rules may be called the Rules of Business of the Government of Kerala (Amendment) Rules, 2016.

(2) They shall come into force at once.

2. *Amendment of the Rules.*—In the Rules of Business of the Government of Kerala, in Part II, in the FIRST SCHEDULE, under the heading DISTRIBUTION OF BUSINESS AMONG DEPARTMENTS OF THE SECRETARIAT,—

(i) under the sub-heading "X. ENVIRONMENT DEPARTMENT", for the entries against serial number 11, the following entries shall be substituted, namely:—

"Kerala Coastal Zone Management Authority and allied matters";

(ii) under the sub-heading "XXXIV. SCIENCE AND TECHNOLOGY DEPARTMENT", serial number 5 and the entries against it shall be omitted.

By order of the Governor,

DR. USHA TITUS,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The subject, "Kerala Coastal Zone Management Authority and allied matters except its Administrative Control" is being dealt within the Science and Technology Department and Administrative control of Kerala Coastal Zone Management Authority is being dealt under the Environment Department. Now the Government have decided to transfer the subject

Kerala Coastal Zone Management Authority and allied matters to the Environment Department. Corresponding amendments to the Rules of Business is necessary to effect the change. Hence the Government have decided to amend the Rules of Business of the Government of Kerala for the above said purpose.

The notification is intended to achieve the above object.

[TO BE PUBLISHED IN THE GAZETTE OF INDIA, EXTRAORDINARY
PART-II, SECTION 3, SUB-SECTION (ii)]
GOVERNMENT OF INDIA
MINISTRY OF ENVIRONMENT, FOREST AND CLIMATE CHANGE

**ORDER**

New Delhi, the ................., 2017

**S.O.** ________ **(E)** Whereas, by a notification of the Government of India in the Ministry of Environment, Forests and Climate Change, published in the Gazette of India, Extraordinary part-II, section 3; Sub-section (ii), vide number S.O. 2060 (E), dated the 8th June 2016, the Central Government constituted the Kerala Coastal Zone Management Authority (hereafter referred as KCZMA) for a period of three years;

Now, therefore, in exercise of the powers confirmed by the sub-section (1) and (3) of section 3 of the Environment (protection) Act, 1986 (29 of 1986), the Central Government hereby makes the following amendment to the notification number.S.O.2060 (E) dated the 8th June, 2016, namely:-

In the first paragraph in the table for the entry against serial number 12, the following shall be substituted, namely:-

| | | |
|---|---|---|
| "12. | The Member Secretary, Pollution Control Board Kerala | Member; |
| 13. | The Director, Department of Environment and Climate Change, Government of Kerala | Member Secretary." |

[F.No.J-17011/26/2007-IA-III (pt.)]

(Arun Kumar Mehta)
Joint Secretary to Government of India

Note: The Principal Order was published in the Gazette of India, Extraordinary, vide number S.O. 2060(E) dated the 8th June, 2016.